07.11.21 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 19–11–1989

# ശരീരം, മനസ്സ് ,ധനം, ജനം– ഇവയുടെ ഭാഗ്യം

ഇന്ന് സത്യമായ അധികാരി തന്റെ ചക്രവർത്തി ചക്രവർത്തിനിമാരെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ബാബയെ പറയുന്നത് തന്നെ സത്യം എന്നാണ്, അതിനാൽ ബാപ്ദാദായിലൂടെ സ്ഥാപിതമായിട്ടുള്ള യുഗത്തിന്റെ പേരും സത്യയുഗം എന്നാണ്. ബാബയുടെ മഹിമയും സത്യമായ അച്ഛൻ, സത്യമായ ടീച്ചർ, സത്ഗുരു എന്നാണ്. സത്യത്തിന്റെ മഹിമ സദാ ശ്രേഷ്ഠമാണ്. സത്യമായ ബാബയിലൂടെ നിങ്ങളെല്ലാവരും സത്യ നാരായണനാകുന്നതിന് വേണ്ടി സത്യമായ കഥ കേട്ടു കൊണ്ടിരിക്കുന്നു. അങ്ങനെയുള്ള സത്യമായ അധികാരി തന്റെ കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു– എത്ര കുട്ടികൾ സത്യമായ അധികാരിയായ ബാബയെ സന്തുഷ്ടമാക്കി. സത്യമായ അധികാരിയുടെ ഏറ്റവും വലിയ വിശേഷതയാണ്– ബാബ ദാതാവാണ്, വിദാതാവാണ്, വരദാതാവാണ്. സന്തുഷ്ടരായിരിക്കുന്ന കുട്ടികളുടെ ലക്ഷണമാണ്– സദാ ദാതാവ് സന്തുഷ്ടനാണ്, അതിനാൽ ഇങ്ങനെയുള്ള ആത്മാക്കൾ സദാ സ്വയത്തെ ജ്ഞാനത്തിന്റെ ഖജനാവ്, ശക്തികളുടെ ഖജനാവ്, ഗുണങ്ങളുടെ ഖജനാവ്, സർവ്വ ഖജനാക്കൾ കൊണ്ട് സമ്പന്നമാണെന്ന് മനസ്സിലാക്കും. ഏതൊരു ഗുണമോ ശക്തിയോ ജ്ഞാനത്തിന്റെ ഗുഹ്യമായ രഹസ്യമോ ഉപയോഗിക്കുന്നതിൽ നിന്നും അവർ വഞ്ചിക്കപ്പെടില്ല. ഗുണങ്ങളുടെ അഥവാ ശക്തികളുടെ കാര്യത്തിൽ ശതമാനത്തിലാകാം എന്നാൽ ഗുണങ്ങളും ശക്തികളും തീർത്തും ഇല്ലാതിരിക്കുകയില്ല. സമയത്തിനനുസരിച്ച് പല കുട്ടികളും പറയാറുണ്ട് – എന്നിൽ മറ്റ് പല ശക്തികളുണ്ട് എന്നാൽ ഇന്ന ശക്തി അഥവാ ഗുണമില്ല. അതിനാൽ ഇല്ല എന്ന ശബ്ദം നിഷേധിക്കുകയാണ്. ദാതാവിന്റെ കുട്ടികൾ സദാ ധനവാനായിരിക്കും അർത്ഥം സമ്പന്നമായിരിക്കും. രണ്ടാമത്തെ മഹിമയാണ്– ഭാഗ്യവിധാതാവ്. അതിനാൽ ഭാഗ്യവിധാതാവും അധികാരിയുമായ ബാബ സന്തുഷ്ടനാണ് എന്നതിന്റെ ലക്ഷണമാണ്– അങ്ങനെയുള്ള മാസ്റ്റർ വിധാതാവായ കുട്ടികളുടെ മസ്തകത്തിൽ സദാ ഭാഗ്യത്തിന്റെ നക്ഷത്രം തിളങ്ങി കൊണ്ടിരിക്കും അർത്ഥം അവരുടെ മുഖത്തിലൂടെയും സ്വഭാവത്തിലും സദാ ആത്മീയ തിളക്കം കാണപ്പെടുന്നു. ആത്മാവ് സദാ സന്തുഷ്ടമായിരിക്കുന്നതിന്റെ സംസ്ക്കാരം കാണപ്പെടും, മുഖത്തിലൂടെ സദാ ആത്മീയ തിളക്കം അനുഭവപ്പെടും. ഇതിനെയാണ് പറയുന്നത് മസ്തകത്തിൽ തിളങ്ങുന്ന ഭാഗ്യത്തിന്റെ നക്ഷത്രം. ഓരോ കാര്യത്തിലും ശരീരം, മനസ്സ്, ധനം, ജനം– നാല് രൂപത്തിലൂടെയും തന്റെ ഭാഗ്യം അനുഭവിക്കും. ഇതിൽ ഏതെങ്കിലും ഒരു ഭാഗ്യത്തിന്റെ പ്രാപ്തിയുടെ കുറവ് പോലും അനമുഭവിക്കില്ല. എന്റെ ഭാഗ്യത്തിൽ മൂന്ന് കാര്യങ്ങളുണ്ട്, ബാക്കി ഒരു കാര്യത്തിന്റെ കുറവാണ് ഉള്ളത് എന്ന് പറയില്ല.

ശരീരത്തിന്റെ ഭാഗ്യം– ശരീരത്തിന്റെ കർമ്മ കണക്ക് ചിലപ്പോൾ പ്രാപ്തി അഥവാ പുരുഷാർത്ഥത്തിന്റെ മാർഗ്ഗത്തിൽ വിഘ്നമായി അനുഭവപ്പെടില്ല. ശരീരം ഒരിക്കലും സേവനമില്ലാതെ വഞ്ചിക്കപ്പെടില്ല. കർമ്മഭോഗിന്റെ സമയത്ത് പോലും അങ്ങനെയുള്ള ഭാഗ്യവാൻമാർ ഏതെങ്കിലുമൊക്കെ സേവനത്തിന് നിമിത്തമാകുന്നു. കർമ്മഭോഗിനെ നിസ്സാരമായി കാണും എന്നാൽ കർമ്മഭോഗിന് വശപ്പെട്ട് നിലവിളിക്കില്ല. നിലവിളിക്കുക അർത്ഥം കർമ്മഭോഗിനെ അടിക്കടി വർണ്ണിക്കുക അഥവാ അടിക്കടി അതിന്റെ നേർക്ക് ബുദ്ധിയും സമയവും അർപ്പിക്കുക. ചെറിയൊരു കാര്യത്തെ വലിയ വിസ്താരത്തിലാക്കുക– ഇതിനെയാണ് നിലവിളിക്കുക എന്ന് പറയുന്നത്. വലിയ കാര്യത്തെ ജ്ഞാനത്തിന്റെ സാരത്തിലൂടെ സമാപ്തമാക്കുക– ഇതിനെയാണ് നടത്തിക്കുക അഥവാ മുന്നോട്ടു കൊണ്ടു പോകുക എന്ന് പറയുന്നത്. അതിനാൽ സദാ ഈ കാര്യം ഓർമ്മ വയ്ക്കൂ– യോഗീ ജീവിതത്തിന് ചെറിയ കർമ്മഭോഗാകട്ടെ, വലുതാകട്ടെ എന്നാൽ അതിനെ വർണ്ണിക്കാതിരിക്കൂ, കർമ്മഭോഗിന്റെ കഥയെ വിസ്തരിക്കാതിരിക്കൂ കാരണം വർണ്ണിക്കുന്നതിലൂടെ സമയവും ശക്തിയും ആ ഭാഗത്തേക്ക് പോകുന്നത് കാരണം ആരോഗ്യത്തിന്റെ ബോധത്തിലേക്ക് പോകുന്നു, ആത്മ ബോധത്തിലേക്കല്ല. ഈ ആരോഗ്യത്തിന്റെ ബോധം ആത്മീയ ശക്തിയെ പതുക്കെ പതുക്കെ ഇല്ലാതാക്കി ഭയമുള്ളവരാക്കി മാറ്റുന്നു. അതിനാൽ ഒരിക്കലും കൂടുതൽ വർണ്ണിക്കാതിരിക്കൂ. യോഗീ ജീവിതം കർമ്മഭോഗിനെ കർമ്മ യോഗത്തിൽ പരിവർത്തനപ്പെടുത്തുന്നു. ഇതാണ് ശരീരത്തിന്റ ഭാഗ്യത്തിന്റെ ലക്ഷണങ്ങൾ.

മനസ്സിന്റെ ഭാഗ്യം– മനസ്സ് സദാ ഹർഷിതമായിരിക്കും കാരണം ഭാഗ്യത്തിന്റെ പ്രാപ്തിയുടെ ലക്ഷണം തന്നെ ഹർഷിതമായിരിക്കുക തന്നെയാണ്. സമ്പന്നമായിരിക്കുന്നവർ സദാ മനസ്സ് കൊണ്ട് പുഞ്ചിരിച്ചു കൊണ്ടിരിക്കും. മനസ്സിന്റെ ഭാഗ്യമുള്ളവർ സദാ ഇച്ഛാ മാത്രം അവിദ്യ സ്ഥിതിയുള്ളവരായിരിക്കും. ഭാഗ്യവിദാതാവ് സന്തുഷ്ടനായത് കാരണം സർവ്വ പ്രാപ്തികൾ കൊണ്ട് സമ്പന്നമായതിന്റെ അനുഭവമുള്ളത് കാരണം മനസ്സ് വ്യക്തി, വസ്തുവിന്റെ നേർക്ക് ആകർഷിതമാകില്ല. ഇതിനെ തന്നെയാണ് സാര രൂപ

ത്തിൽ മൻമനാഭവ എന്ന് പറയുന്നത്. മനസ്സിനെ ബാബയിലേക്ക് നയിക്കുന്നതിൽ പരിശ്രമം അനുഭവപ്പെ ടില്ല എന്നാൽ സഹജമായി തന്നെ മനസ്സ് ബാബയുടെ സ്നേഹത്തിന്റെ ലോകത്തിൽ തന്നെയായിരിക്കും. ഒരേയൊരു ബാബ രണ്ടാമതായി ആരും തന്നെയില്ല- ഈ അനുഭവത്തെയാണ് മനസ്സിന്റെ ഭാഗ്യം എന്ന് പറയുന്നത്.

ധനത്തിന്റെ ഭാഗ്യം- ജ്ഞാന ധനമുണ്ട് എന്നാൽ സ്ഥൂല ധനത്തിനും മഹത്വമുണ്ട്. ധനത്തിന്റെ ഭാഗ്യ ത്തിന്റെ അർത്ഥം ബ്രാഹ്മണ ജീവിതത്തിൽ ലക്ഷപതി, കോടിപതിയാകും എന്നല്ല. ധനത്തിന്റെ ഭാഗ്യ ത്തിന്റെ ലക്ഷണമാണ് സംഗമയുഗത്തിൽ നിങ്ങൾ ബ്രാഹ്മണാത്മാക്കൾക്ക് കഴിക്കാനും, കുടിക്കാനും , ജീവിക്കാനും ഉള്ളത് ആവശ്യത്തിന് സഹജമായി തന്നെ ലഭിക്കും എന്നാണ്. അതോടൊപ്പം ധനം ആവ ശ്യമുള്ളത് സേവനത്തിനാണ്. അതിനാൽ സേവനത്തിന് വേണ്ടി സമയത്ത് കുറവോ തടസ്സമോ അനുഭവി ക്കില്ല. എങ്ങനെയെങ്കിലും എവിടെ നിന്നാണെങ്കിലും സേവനത്തിന്റെ സമയത്ത് ഭാഗ്യവിധാതാവായ ബാബ ആരെയെങ്കിലും നിമിത്തമാക്കുക തന്നെ ചെയ്യും. ധനത്തിന്റെ ഭാഗ്യവാൻ ഒരിക്കലും തന്റെ പേരോ പദവി യുടേയൊ ഇച്ഛ കാരണം സേവനം ചെയ്യില്ല. പേര്, പ്രശസ്തിയുടെ ഇച്ഛയുണ്ടെങ്കിൽ അങ്ങനെയുള്ള സമ യത്ത് ഭാഗ്യവിധാതാവ് സഹയോഗം നല്കിക്കില്ല. ആവശ്യകതയും ഇച്ഛയും തമ്മിൽ രാപകൽ വ്യത്യാസ മുണ്ട്. സത്യമായ ആവശ്യവും സത്യമായ മനസ്സും ഉണ്ടെങ്കിൽ ഏതൊരു സേവനത്തിന്റെ കാര്യത്തിലും, കാര്യം സഫലമാകുക തന്നെ ചെയ്യും എന്നാൽ ഭണ്ഡാരയിൽ കൂടുതൽ സഫലമാകും, ലാഭിക്കാനും സാധിക്കും, അതിനാലാണ് മഹിമയുള്ളത്- ശിവന്റെ ഭണ്ഡാരയും( അടുക്കള), ഭണ്ഡാരപ്പെട്ടിയും നിറ ഞ്ഞിരിക്കുന്നുവെന്ന്. അതിനാൽ സത്യമായ ഹൃദയമുള്ളവരുടെ അഥവാ സത്യമായ അധികാരിയെ സന്തു ഷ്ടനാക്കുന്നതിന്റെ ലക്ഷണമാണ്- ഭണ്ഡാരയും ഭണ്ഡാരിയും സമ്പന്നം. ഇതാണ് ധനത്തിന്റെ ഭാഗ്യ ത്തിന്റെ ലക്ഷണം. വിസ്താകരം വളരെയധികമുണ്ട് എന്നാൽ സാര രൂപത്തിൽ ബാബ കേൾപ്പിച്ചു കൊണ്ടി രിക്കുന്നു.

നാലാമത്തെ കാര്യം- ജനത്തിന്റെ ഭാഗ്യം- ജനം അർത്ഥം ബ്രാഹ്മണ പരിവാരം അഥവാ ലൗകീക പരിവാ രം, ലൗകീക സംബന്ധത്തിൽ വരുന്ന ആത്മാക്കൾ അഥവാ അലൗകീക സംബന്ധത്തിൽ വരുന്ന ആത്മാ ക്കൾ. അതിനാൽ ജനത്തിലൂടെയുള്ള ഭാഗ്യവാൻമാരുടെ ലക്ഷണമാണ്- അവർക്ക് ജനത്തിലൂടെ സദാ സ്നേഹത്തിന്റെയും സഹയോഗത്തിന്റെയും പ്രാപ്തിയുണ്ടായി കൊണ്ടിരിക്കും. കുറഞ്ഞത് 95% ആത്മാ ക്കളിൽ നിന്നും പ്രാപ്തിയുടെ അനുഭവം തീർച്ചയായും ഉണ്ടായിരിക്കും. നേരത്തേയും കേൾപ്പിച്ചിരുന്നു 5 ശതമാനം ആത്മാക്കളുടെ കർമ്മ കണക്കും സമാപ്തമാകുന്നു അതിനാൽ അവരിലൂടെ ഇടയ്ക്ക് സ്നേഹം ലഭിക്കും, ഇടയ്ക്ക് പരീക്ഷണവുമുണ്ടാകും. ഇങ്ങനെയുള്ള ആത്മാക്കളോടും പതുക്കെ പതുക്കെ ശുഭ ഭാവം, ശുഭ കാമനയിലൂടെ കണക്കിനെ സമാപ്തമാക്കി കൊണ്ടിരിക്കൂ. കണക്ക് തീരുമ്പോൾ പുസ്ത കവും ഇല്ലാതാകുമല്ലോ. പിന്നെ കർമ്മ കണക്കേയുണ്ടാകില്ല. അതിനാൽ ഭാഗ്യവാനായ ആത്മാക്കളുടെ ലക്ഷണമാണ്- ജനത്തിലൂടെയുള്ള കർമ്മ കണക്കിനെ സഹജമായി സമാപ്തമാക്കുക, 95 ശതമാനം ആത്മാ ക്കളിലൂടെ സദാ സ്നേഹത്തിന്റെയും അനുഭവം ചെയ്യുക. ജനത്തിന്റെ ഭാഗ്യവാനായ ആത്മാക്കൾ, ജന ത്തിന്റെ സംബന്ധ സമ്പർക്കത്തിൽ വന്നു കൊണ്ടും സദാ പ്രസന്നമായിരിക്കും. പ്രശ്നചിത്തരാകില്ല എന്നാൽ പ്രസന്നചിത്തരായിരിക്കും- ഇവർ എന്ത് കൊണ്ട് ഇങ്ങനെ ചെയ്യുന്നു അഥവാ എന്ത് കൊണ്ട് പറയുന്നു, ഈ കാര്യം ഇങ്ങനെയല്ല, ഇങ്ങനെ സംഭവിക്കണം. ബുദ്ധിയിൽ ആ ചോദ്യം ഉത്പന്നമാകുന്ന വരെയാണ് പ്രശ്നചിത്തർ എന്ന് പറയുന്നത്, അവർക്ക് ഒരിക്കലും സദാ പ്രസന്നരായിരിക്കാൻ സാധിക്കി ല്ല. അവരുടെ ബുദ്ധിയിൽ സദാ എന്തു കൊണ്ട് എന്നതിന്റെ ക്യൂ ഉണ്ടായിരിക്കും അതിനാൽ ആ ക്യുവിനെ സമാപ്തമാക്കുന്നതിൽ തന്നെ സമയം പോകുന്നു, ഈ ക്യൂവിനെ നിങ്ങൾ വിടാൻ ആഗ്രഹിച്ചാലും വിടാൻ സാധിക്കില്ല, സമയം നല്കേണ്ടി വരുന്നു. കാരണം ഈ ക്യൂവിന്റെ രചയിതാവ് നിങ്ങൾ തന്നെയാണ്. രച നയെ രചിച്ചുവെങ്കിൽ പാലിക്കേണ്ടതായും വരുന്നു, പാലിക്കാതിരിക്കാൻ സാധിക്കില്ല. എത്ര തന്നെ തിര ക്കാണെങ്കിലും സമയം, ഊർജ്ജം നല്കേണ്ടി വരുന്നു അതിനാൽ ഈ വ്യർത്ഥമായ രചനയെ നിയന്ത്രി ക്കൂ. ഈ വ്യർത്ഥത്തിന്റെ ജനനത്തെ നിയന്ത്രിക്കൂ. മനസ്സിലായോ? ധൈര്യമുണ്ടോ? മനുഷ്യർ പറയാറി ല്ലേ- ഇത് ഈശ്വരൻ നല്കിയതാണ്, എന്റെ തെറ്റല്ലയെന്ന്. അതേപോലെ ബ്രാഹ്മണ ആത്മാക്കൾ പറയു ന്നു- ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ് എന്ന്. എന്നാൽ ഡ്രാമയുടെ മാസ്റ്റർ രചയിതാവ്, മാസ്റ്റർ നോളേ ജ്ഫുൾ ആയി ഓരോ കർമ്മത്തെയും ശ്രേഷ്ഠമാക്കുന്നവരാകൂ. ശരി.

ടീച്ചേഴ്സ് കേട്ടോ! സത്യമായ അധികാരി എന്നിൽ എത്രത്തോളം സന്തുഷ്ടനാണ്, എന്ന ഈ രഹസ്യം കേട്ടില്ലേ. രഹസ്യം കേൾക്കുന്നതിലൂടെ സർവ്വ ടീച്ചേഴ്സും രഹസ്യയുക്തരായോ അതോ എന്നിൽ ഈ ഭാഗ്യത്തിന്റെ കുറവുണ്ടെന്ന് തോന്നുന്നുണ്ടോ? ഇടയ്ക്ക് ധനത്തിന്റെ ആകർഷണം, ഇടയ്ക്ക് ജനത്തിന്റെ

ആകർഷണം– അങ്ങനെയുള്ള ജീവിതത്തിന്റെ അനുഭവമല്ലല്ലോ ചെയ്യുന്നത്? ഒരു സ്ലോഗൻ വിശേഷിച്ചും ടീച്ചേഴ്സിനെ കേൾപ്പിച്ചിരുന്നു, എന്നാൽ അത് സർവ്വരെ പ്രതിയല്ല. ഓരോ കാര്യത്തിലും ബാബയുടെ ശ്രീമത്തനുസരിച്ച്– ഹാം ജീ, ഹാം ജീ...എന്ന് പറഞ്ഞുകൊണ്ടിരിക്കൂ. കുട്ടികൾ ഹാം ജി പറയുമ്പോൾ ബാബയും കുട്ടികളുടെ മുന്നിൽ ഹാജരാകുന്നു. അധികാരിയായ ബാബ ഹാജരായി കഴിഞ്ഞാൽ ഒരു കാര്യത്തിന്റെയും കുറവുണ്ടായിരിക്കില്ല, സദാ സമ്പന്നരായി മാറും. ദാതാവും ഭാഗ്യവിദാതാവും– രണ്ടിന്റെയും പ്രാപ്തിയുടെ ഭാഗ്യത്തിന്റെ നക്ഷത്രം മസ്തകത്തിൽ തിളങ്ങാൻ തുടങ്ങും. ടീച്ചേഴ്സിന് ഡ്രാമയനുസരിച്ച് വളരെ ഭാഗ്യം ലഭിച്ചിരിക്കുന്നു. മുഴുവൻ ദിവസവും ബാബയും സേവനവുമല്ലാതെ മറ്റെന്ത് ജോലിയാണുള്ളത്. ജോലി തന്നെയിതാണ്. കുടുംബത്തിലുള്ളവർക്ക് എത്ര ഉത്തരവാദിത്വങ്ങളുണ്ട്. നിങ്ങൾക്ക് ഒരേയൊരു ജോലി മാത്രമേയുള്ളൂ, പല കാര്യങ്ങളിൽ നിന്നും സ്വന്ത്ര്യരായ പക്ഷികളാണ്. തന്റെ ഭാഗ്യത്തെ മനസ്സിലാക്കുന്നുണ്ടോ? സ്വർണ്ണത്തിന്റെ കൂടോ, വജ്രത്തിന്റെ കൂടോ സൃഷ്ടിക്കുന്നില്ലല്ലോ സൃഷ്ടിക്കുന്നതും സ്വയമാണ്, കുടുങ്ങുന്നതും സ്വയമാണ്. ബാബ സ്വതന്ത്ര്യരായ പക്ഷികളാക്കി മാറ്റി, പറക്കുന്ന പക്ഷിയാക്കി. വളരെ–വളരെ–വളരെ ഭാഗ്യശാലികളാണ്. മനസ്സിലായോ? ഓരോരുത്തർക്കും ഭാഗ്യത്തിന്റെ വിശേഷത തീർച്ചയായും ലഭിച്ചിട്ടുണ്ട്. കുടുംബത്തിലുള്ളവരുടെ വിശേഷതകൾ വ്യത്യസ്ഥമാണ്, ടീച്ചേഴിസിന്റെ വിശേഷതകൾ വ്യത്യസ്ഥമാണ്, ഗീതാ പാഠശാലയിലുള്ളവരുടെ വിശേഷതകൾ വ്യത്യസ്ഥമാണ്, വ്യത്യസ്ഥമായ വിശേഷതകളാൽ സർവ്വരും വിശേഷ ആത്മാക്കളാണ്. എന്നാൽ സേവാകേന്ദ്രത്തിൽ വസിക്കുന്ന നിമിത്തമായ ടീച്ചേഴിസിന് വളരെ നല്ല അവസരമാണ്. ശരി.

സദാ സർവ്വ പ്രകാരത്തിലുള്ള ഭാഗ്യത്തെ അനുഭവം ചെയ്യുന്ന, അനുഭവീ ആത്മാക്കൾക്ക്, സദാ ഓരോ ചുവടിലും ഹാം ജീ എന്നു പറയുന്ന ബാബയുടെ സഹായത്തിന് അധികാരിയായ ശ്രേഷ്ഠ ആത്മാക്കൾക്ക്, സദാ പ്രശ്നചിത്തരാകുന്നതിന് പകരം പ്രസന്നചിത്തരായിട്ടിരിക്കുന്ന– അങ്ങനെ പ്രശംസയ്ക്ക് യോഗ്യരായ, യോഗീ ആത്മാക്കൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

പഞ്ചാബ്, ഹരിയാണ, ഹിമാച്ചൽ ഗ്രൂപ്പ്– സർവ്വരും സ്വയത്തെ മഹാവീരരും മഹാവീരണികളുമാണെന്ന് മനസ്സിലാക്കുന്നുണ്ടോ? എല്ലാവരും മഹാവീരരായിരിക്കാം എന്നാൽ സദാ മഹാവീരരാണോ? അതോ ഇടയ്ക്ക് മഹാവീരർ, ഇടയ്ക്ക് കുറച്ച് ശക്തിഹീനരാകുന്നുണ്ടോ? സദാ മഹാവീരർ അർത്ഥം സദാ ലൈറ്റ് ഹൗസും മൈറ്റ് ഹൗസും. ജ്ഞാനമാണ് ലൈറ്റ്(പ്രകാശം), യോഗമാണ് മൈറ്റ്(ശക്തി). അതിനാൽ മഹാവീരർ അർത്ഥം ജ്ഞാനീ ആത്മാവും യോഗീ ആത്മാവും. ജ്ഞാനവും യോഗയും– രണ്ട് ശക്തികളും– പ്രകാശവും ശക്തിയും കൊണ്ട് സമ്പന്നമാകണം–അവരെയാണ് മഹാവീരർ എന്ന് പറയുന്നത്. ഏതൊരു പരിതസ്ഥിതിയിലും ജ്ഞാനം അർത്ഥം പ്രകാശത്തിന്റെ കുറവുണ്ടാകരുത്, മൈറ്റ് അർത്ഥം യോഗത്തിന്റെ കുറവും ഉണ്ടാകരുത്. ഒന്നിന്റെയെങ്കിലും കുറവുണ്ടായാൽ പരിതസ്ഥിതിയിൽ സെക്കന്റിൽ പാസാകാൻ സാധിക്കില്ല, സമയമെടുക്കും. പാസാകും എന്നാൽ സമയത്ത് പാസായില്ലായെങ്കിൽ അതിനെ ജയം എന്ന് പറയാൻ സാധിക്കുമോ! ഭൗതീക പഠിത്തത്തിലും ഒരു വിഷയത്തിലെങ്കിലും പരാജയപ്പെട്ടാൽ വീണ്ടും ഒരു വർഷം പഠിക്കേണ്ടി വരുന്നു. ഒരു വർഷത്തിന് ശേഷം പാസാകുന്നു അപ്പോൾ സമയം നഷ്ടപ്പെട്ടില്ലേ. അതേപോലെ ജ്ഞാനി, യോഗീ ആത്മാക്കൾ ലൈറ്റ്–മൈറ്റ് സ്വരൂപമല്ലാത്തവർക്കും പരിതസ്ഥിതിക്കനുസരിച്ച് പാസാകാൻ സമയമെടുക്കുന്നു. സമയത്ത് പാസാകാതിരിക്കുന്നതിന്റെ സംസ്ക്കാരം വന്നു കഴിഞ്ഞാൽ അന്തിമത്തിലും ആ സംസ്ക്കാരം ഫുൾ പാസാകാൻ അനുവദിക്കില്ല. അതിനാൽ പാസാകുന്നവരാണ് എന്നാൽ സമയത്ത് പാസാകുന്നവരല്ല. സമയത്ത് ഫുൾ പാസാകുന്നവരെയാണ് ബഹുമതിയോടെ പാസാകുന്നവർ എന്ന് പറയുന്നത്. ബഹുമതിയോടെ പാസാകുക അർത്ഥം ധർമ്മരാജനും അവരെ ബഹുമാനിക്കും. ധർമ്മരാജപൂരിയിലും ശിക്ഷകൾ ഉണ്ടായിരിക്കില്ല, ബഹുമതി ലഭിക്കും. ഇവർ ബഹുമതിയോടെ പാസായവരാണ് എന്ന പേര് ലഭിക്കും.

അതിനാൽ ബഹുമതിയോടെ പാസാകുന്നതിന് വിശേഷിച്ച് സ്വയത്തെ ഒരു കാര്യത്തിലും, സംസ്ക്കാരത്തിൽ, സ്വഭാവത്തിൽ, ഗുണങ്ങളിൽ, ശക്തിയിൽ കുറവ് ഉണ്ടാകരുത്. സർവ്വ കാര്യങ്ങളിലും കംപ്ലീറ്റ് ആകണം അർത്ഥം ബഹുമതിയോടെ പാസാകണം. അതിനാൽ സർവ്വരും അങ്ങനെയായോ അതോ ആയിക്കൊണ്ടിരിക്കുകയാണോ? (ആയിക്കൊണ്ടിരിക്കുന്നു) അതിനാലാണ് വിനാശം കാത്തിരിക്കുന്നത്. നിങ്ങൾക്ക് വേണ്ടിയാണ് കാത്തിരിക്കുന്നത്. വിശ്വത്തിന്റെ വിനാശം അർത്ഥം പരിവർത്തനത്തിന് മുമ്പേ ബ്രാഹ്മണരുടെ കുറവുകളുടെ വിനാശം ഉണ്ടാകണം. ബ്രാഹ്മണരുടെ കുറവുകളുടെ വിനാശം ഉണ്ടായില്ലായെങ്കിൽ വിശ്വത്തിന്റെ വിനാശം അർത്ഥം പരിവർത്തനം എങ്ങനെയുണ്ടാകും! അതിനാൽ പരിവർത്തനത്തിന്റെ ആധാരമൂർത്തികൾ നിങ്ങൾ ബ്രാഹ്മണരാണ്.

പഞ്ചാബ്, ഹരിയാണ, ഹിമാച്ചൽ-ഇവിടെയുള്ളവർ ആദ്യം തയ്യാറാകണം. അന്തിമ സമയത്തെ കൊണ്ടു വരുന്ന നിങ്ങൾ തയ്യാറായില്ല, അതിനാൽ തീവ്രവാദികൾ തയ്യാറായി. അതിനാൽ സർവ്വരും ആദ്യത്തെ നമ്പർ നേടുന്നവരാണോ അതോ എന്ത് ലഭിച്ചാലും അതിൽ സന്തുഷ്ടരാണോ? അനേകരേക്കാൾ നല്ല തല്ലേ എന്ന് ചിന്തിക്കുന്നില്ലല്ലോ. തീർച്ചയായും നല്ലതാണ് എന്നാൽ നല്ലതിലും വച്ച് നല്ലവരായി മാറണം കോടിയിൽ ചിലരായി- ഇത് വലിയ കാര്യമല്ല എന്നാൽ ചിലരിലും ചിലർ ആകണം അതിനാൽ സദാ എവർറെഡി. അവസാനമല്ല റെഡിയാകേണ്ടത്, എവർറെഡി അർത്ഥം സദാ റെഡിയായിട്ടിരിക്കുന്നവർ. ആയിക്കൊണ്ടിരിക്കുന്നുവെന്ന് പറയുകയാണെങ്കിൽ പുരുഷാർത്ഥം തീവ്രമാകില്ല.

ബാബയുടെ ദൃഷ്ടി ആദ്യം പഞ്ചാബിലല്ലേ പതിഞ്ഞത്. ബാബയുടെ ദൃഷ്ടിയിൽ ആദ്യം പതിഞ്ഞതായ തിനാൽ നിങ്ങൾ വരേണ്ടതും ആദ്യത്തെ നമ്പറിലായിരിക്കണം. അടിത്തറയുള്ളവരാണ്. അതിനാൽ അടി ത്തറ സദാ ശക്തിശാലിയായിരിക്കും. പക്കായല്ലായെങ്കിൽ മുഴുവൻ കെട്ടിടവും നിലംപതിക്കും. അതി നാൽ സദാ ഇതേ വരദാനം ഓർമ്മിക്കണം- ഓരോ പരിതസ്ഥിതിയിലും ഞാൻ പാസാകുന്നവനാണ്. ഇതി നുള്ള വിധിയാണ് എവർറെഡിയായിട്ടിരിക്കുക.ശരി.

ഏറ്റവും വലിയ സോൺ മധുബനാണ്. സർവ്വ ബ്രഹ്മാകുമാർ കുമാരിമാരുടെ യഥാർത്ഥ വീട് മധുബൻ തന്നെയാണ്. ആത്മാക്കളുടെ വീട് പരംധാമമാണ് എന്നാൽ ബ്രാഹ്മണരുടെ വീട് മധുബനാണ്. അതി നാൽ അമൃതസറിലോ ലുധിയാനയലോയല്ല, പഞ്ചാബിലോ ഹരിയാണയിലോയല്ല, നിങ്ങളുടെ സ്ഥിരമായ മേൽവിലാസം മധുബനാണ്. ബാക്കി സർവ്വതും സേവാസ്ഥാനമാണ്. കുടംബത്തിലിരിക്കുന്നവർക്ക് വീട് സേവാസ്ഥാനമാണ്. സ്വീറ്റ് ഹോമ് മധുബനാണ്. അങ്ങനെയല്ലേ മനസ്സിലാക്കുന്നത് അതോ അതേ വീടാണോ ഓർമ്മ വരുന്നത്?

## വരദാനം- ഉൾക്കൊള്ളാനുള്ള ശക്തിയിലൂടെ ഏക അഭിപ്രായത്തിന്റെ അന്തരീക്ഷത്തെ സൃഷ്ടിക്കുന്ന ഉദാഹരണ സ്വരൂപരായി ഭവിക്കട്ടെ.

ഒരേപോലത്തെ മണികൾ, ഒന്നിന്റെ തന്നെ സ്നേഹത്തിൽ, ഏകരസ സ്ഥിതിയിൽ സ്ഥിതി ചെയ്ത്, ഒരേ യൊരു ബാബയുടെ നിർദ്ദേശമനുസരിച്ച് നടക്കുന്നവരാണ്, പരസ്പരം സങ്കല്പങ്ങളിൽ പോലും ഐക്യ മുണ്ട്, അവർ തന്നെയാണ് മാലയിൽ കോർക്കപ്പെടുന്നത്. എന്നാൽ ഉൾക്കൊള്ളാനുള്ള ശക്തിയുണ്ടെ ങ്കിലേ ഏക അഭിപ്രായത്തിന്റെ അന്തരീക്ഷം ഉണ്ടാകുകയുള്ളൂ. ഏതെങ്കിലും കാര്യത്തിൽ ഭിന്നതയുണ്ടെ ങ്കിൽ ആ ഭിന്നതയെ ഉൾക്കൊള്ളൂ എങ്കിൽ പരസ്പരം ഏകതയോടെ സമീപത്ത് വരാൻ സാധിക്കും, സർവ്വരുടെയും മുന്നിൽ ഉദാഹരണ സ്വരൂപരാകാൻ സാധിക്കും.

## സ്ലോഗൻ- ഓരോ സങ്കല്പം, വാക്ക്, കർമ്മത്തിൽ ആത്മീയത ധാരണ ചെയ്യൂ എങ്കിൽ സേവനത്തിൽ തിളക്കം കാണപ്പെടും.